ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) സംഗീതാദ്ധ്യാപകരായി നിയമിക്കപ്പെടുന്നവർക്കുള്ള പി.എസ്.സി. യുടെ റാങ്കു ലിസ്റ്റ് 15–9–1984–ൽ പ്രസിദ്ധീകരിച്ചു. എന്നാൽ നിയമനത്തിനായി പ്രസ്തുത ലിസ്റ്റിൽനിന്നും ഇതുവരെ ആരെയും പി.എസ്.സി. ശുപാർശചെയ്തിട്ടില്ല. ചില ഉദ്യോഗാർത്ഥികളുടെ വിദ്യാഭ്യാസ യോഗ്യതകളുടെ സ്വീകാര്യതയെക്കുറിച്ചു പി.എസ്.സി. ഗവൺമെൻറുമായി എഴുത്തുകുത്തുകൾ നടത്തിവരുന്നു. പി.എസ്.സി.യുടെ ശുപാർശ കിട്ടിയാലുടനെ ഒഴിവുകളുടെ ലഭ്യതയ്ക്കനുസരിച്ച് ടി റാങ്കു ലിസ്റ്റിൽനിന്നും ഉദ്യോഗാർത്ഥികളുടെ നിയമനം നടത്തുന്നതാണ്.

തിരുവനന്തപുരം ജില്ലയിലെ സംഗീതാദ്ധ്യാപകരുടെ വേക്കൻസികൾ

430 [777] ശ്രീ. കാനം രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം റവന്യൂ ജില്ലയിൽ സംഗീതാദ്ധ്യാപകരുടെ എത്ര വേക്കൻസികൾ നിലവിലുണ്ട്;

(ബി) പ്രസ്തുത ജില്ലയിൽ സംഗീതാദ്ധ്യാപകരുടെ ഏതെങ്കിലും പോസ്റ്റിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചു വഴി നിയമിക്കപ്പെട്ടവർ ഇപ്പോഴും ജോലി ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര പോസ്റ്റുകളിൽ;

(സി) സംഗീതാദ്ധ്യാപകരായി നിയമിക്കപ്പെടുന്നതിനുള്ള ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിലവിലിരിക്കെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചു വഴി നിയമിച്ചവരെ തുടരുവാൻ അനുവദിച്ചതിനു കാരണമെന്ത്;

(ഡി) എംപ്ലോയ്മെൻറ് എക്സ്ചേഞ്ചു വഴി നിയമിച്ചവർക്കു പകരമായി പി.എസ്.സി. തിരഞ്ഞെടുത്ത ഉദ്യോഗാർത്ഥികളെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 18

(ബി) ഉണ്ട്. 18 പോസ്റ്റുകളിൽ.

(സി) സംഗീതാദ്ധ്യാപകരായി നിയമിക്കപ്പെടുന്നതിനുള്ള ലിസ്റ്റിൽനിന്നും പി.എസ്.സി. ഇതുവരെ ആരെയും നിയമനത്തിനായി ശുപാർശ ചെയ്തിട്ടില്ല. ചില ഉദ്യോഗാർത്ഥികളുടെ വിദ്യാഭ്യാസ യോഗ്യതകളുടെ സ്വീകാര്യതയെക്കുറിച്ച് പി.എസ്.സി. ഗവൺമെൻറുമായി എഴുത്തുകുത്തുകൾ നടത്തിവരുന്നു. അതിനാൽ താൽക്കാലിക നിയമനം എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുവഴി നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പി. എസ്. സി. യുടെ ശുപാർശ കിട്ടിയാലുടനെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുവഴി നിയമിച്ചവർക്കു പകരം പി.എസ്.സി. തിരഞ്ഞെടുത്ത ഉദ്യോഗാർത്ഥികളുടെ നിയമനം നടത്തുന്നതാണ്.

തിരുവനന്തപുരം ജില്ലയിൽ സംഗീതാദ്ധ്യാപകരായി നിയമിക്കപ്പെടുന്നതിനുള്ള ഇൻറർവ്യൂ

431 [778] ശ്രീ. കാനം രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം റവന്യൂ ജില്ലയിൽ സംഗീതാദ്ധ്യാപകരായി നിയമിക്കപ്പെടുന്നതിനു 1984 ആഗസ്റ്റ് മാസത്തിൽ ഇൻറർവ്യൂ നടത്തുകയുണ്ടായോ;

(ബി) ഇവരിൽ നിന്നും നിയമനത്തിനു അർഹത നേടിയവരുടെ ലിസ്റ്റ് എന്ന് പ്രസിദ്ധീകരിച്ചു;

(സി) ഇവരിൽ എത്ര പേരെ ഇതുവരെ നിയമിച്ചു കഴിഞ്ഞു?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ സംഗീതാദ്ധ്യാപകരായി നിയമിക്കപ്പെടുന്നതിനു 1984 ആഗസ്റ്റിൽ ഒരു ഇൻറർവ്യൂ നടത്തുകയുണ്ടായിട്ടുണ്ട്.

(ബി) 15-9-1984-ൽ

(സി) ടി റാങ്ക് ലിസ്റ്റിൽ നിന്നും പി.എസ്.സി. ഇതുവരെ ആരെയും നിയമനത്തിനായി ശുപാർശ ചെയ്തിട്ടില്ല. ചില ഉദ്യോഗാർത്ഥികളുടെ വിദ്യാഭ്യാസ യോഗ്യതകളുടെ സ്വീകാര്യതയെക്കുറിച്ചു പി.എസ്.സി. ഗവൺമെൻറുമായി എഴുത്തുകുത്തുകൾ നടത്തിവരുന്നു. പി.എസ്.സി. യുടെ ശുപാർശ കിട്ടിയാലുടനെ ഒഴിവുകളുടെ ലഭ്യതയ്ക്കനുസരിച്ച് ടി റാങ്കുലിസ്റ്റിൽനിന്നും ഉദ്യോഗാർത്ഥികളുടെ നിയമനം നടത്തുന്നതാണ്.

സംസ്കൃത വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും തൊഴിൽ രഹിതരായ സംസ്കൃത ബിരുദധാരികളുടെയും സംയുക്ത സമര സമിതിയുടെ നിവേദനം

432 [779] ശ്രീ. പി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്കൃത വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടേയും തൊഴിൽ രഹിതരായ സംസ്കൃത ബിരുദധാരികളുടേയും സംയുക്ത സമരസമിതി ഗവൺമെൻറിന് ഒരു നിവേദനം സമർപ്പിച്ചിട്ടുണ്ടോ;

(ബി) നിവേദനത്തിലെ ആവശ്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ ഒരു കോൺഫറൻസ് വിളിക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രി നിവേദക സംഘത്തിന് ഉറപ്പ് നൽകിയിരുന്നുവോ;

LIBRARY ARCHIVES Kerala Legislative Assembly